പി.എച്ച്.ഇ.ഡി. ജീവനക്കാരുടെ പ്രശ്നങ്ങൾ

*247 [262] ശ്രീ. കെ.സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.ഇ.ഡി. ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെൻറ് വിളിച്ചുകൂട്ടിയ കോൺഫറൻസിലെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): (എ) 4.8.1977-ൽ നടന്ന കോൺഫറൻസിലെ താഴെ പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) യൂണിഫോറം അനുവദിക്കുക.

(2) എൻ.എം.ആർ. സർവീസ് പെൻഷനു കണക്കാക്കുക.

(3) എൻ.എം.ആർ./സി.എൽ.ആർ. കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുക.

(4) ചീഫ് എഞ്ചിനീയറുടെ ഉത്തരവാദിത്വത്തിലും നേരിട്ടുള്ള മേൽനോട്ടത്തിലും ഉള്ള പരിശോധനക്കു വിധേയമായി 950 സി.എൽ.ആർ./എസ്.എൻ.ആർ കാരെ 1.4.1979 മുതൽ എൻ.എം.ആർ ആയി നിയമിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

(5) കൂടാതെ കോമ്പൻസേറ്ററി അലവൻസ് ലഭിച്ചുകൊണ്ടിരുന്നവർക്ക് 16.12.1978-ൽ പുറപ്പെടുവിച്ചിട്ടുള്ള ശമ്പളപരിഷ്കരണ ഉത്തരവും കൂടി കണക്കിലെടുത്തുകൊണ്ടുള്ള പുനഃപരിശോധനക്കു വിധേയമായി സംരക്ഷണം നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(6) 1.7.1978 മുതൽ 7 രൂപ ക്രമത്തിൽ പ്രതിമാസ സൈക്കിൾ അലവൻസ് അർഹതയുള്ളവർക്ക് നൽകുന്നതിനും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശേഷിക്കുന്ന തീരുമാനങ്ങൾ സാമ്പത്തിക സാദ്ധ്യതയും സർവ്വീസ് ചട്ടങ്ങളും അനുസരിച്ച് കൂടുതൽ പരിശോധിച്ചതിനുശേഷം നടപ്പിലാക്കേണ്ടവയാണ്. പബ്ലിക്ക് സർവീസ് കമ്മീഷനുമായി ആലോചിക്കേണ്ട തീരുമാനവും ഇവയിൽ പെടുന്നുണ്ട്. 4.8.1977-ൽ തീരുമാനം എടുത്തത് മേൽപറഞ്ഞ പരിശോധനക്കു വിധേയമായിട്ടാണ്.

മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെൻറിൽനിന്നും ലഭിക്കുന്ന ആനുകൂല്യം

*248 [263] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെൻറിൽനിന്നും അനുവദിക്കുന്ന ആനുകൂല്യം യഥാർത്ഥ തൊഴിലാളികൾക്കു ലഭിക്കുന്നില്ലെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ജോലി ചെയ്യാൻ ആരോഗ്യമില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ധനസഹായം കൊടുക്കാൻ എന്തെങ്കിലും പദ്ധതി ഗവൺമെൻറിനുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly